# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-2026

ഗവ: എൽ. പി. എസ്.
കണ്ണമംഗലം

# ആമുഖം

പൊതുവിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രം

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ മികച്ച നിലവാരത്തിൽ എത്തിക്കുന്നതിന് അവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികളുടെ ഭൗതിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

പൊതുവിദ്യാഭ്യാസം മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ സജീവമായ പി.ടി.എ, എം.പി.ടി.എ, അധ്യാപകർ രക്ഷിതാക്കൾ പൊതുസമൂഹം എന്നിവർ മികച്ച പിന്തുണ നൽകുന്നു.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സമഗ്രപുരോഗതിക്കുമായി തയ്യാറാക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കും എന്ന് ഉറപ്പോടെ സമർപ്പിക്കുന്നു.

PTA പ്രസിഡന്റ്                HM.

MPTA പ്രസിഡന്റ്

# ഗവ: എൽ. പി. എസ്. കണ്ണമംഗലം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ ചെട്ടികുളങ്ങര പഞ്ചായത്തിലെ ഒരു പൊതുവിദ്യാലയം ആണ് ഗവ: എൽ പി. സ്കൂൾ കണ്ണമംഗലം.

ക്രിസ്തുവർഷം 1903 ൽ സ്ഥാപിതമായി. 122 വർഷമായി ഈ വിദ്യാലയ മുത്തശ്ശി തലയുയർത്തി നിൽക്കുന്നു. ഈ പ്രദേശത്ത് സ്കൂൾ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിരുന്നില്ല. ടി. അവസ്ഥ കണ്ട് സമൂഹസ്നേഹികളായ ചാക്യാർ കുടുംബക്കാർ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. ചാക്യാർ കുടുംബാംഗങ്ങളായ കേശവപണിക്കർ, കുഞ്ഞികൃഷ്ണ പണിക്കർ എന്നിവർ ആണ് നേതൃത്വം നൽകിയത്. പിന്നീട് സ്ഥാപനം സർക്കാർ ഏറ്റെടുത്തു.

സമീപ പ്രദേശങ്ങളിലെ മറ്റ് വിദ്യാലയങ്ങളെ പോലെ ഉന്നതമായ ഭൗതിക സൗകര്യങ്ങൾ ഉണ്ട്. ശിശുസൗഹൃദ പഠനമുറികൾ, വിശാലമായ പാർക്ക്, എന്നിവയും ഉണ്ട്. പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ പൂർവ വിദ്യാർത്ഥികളും നാട്ടുകാരും അകമഴിഞ്ഞ സഹായം നൽകുന്നുണ്ട്.

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ: എൽ. പി. സ്കൂൾ കണ്ണമംഗലം. |
| ഫോൺ | : | 9497246994 (HM mobile no.). |
| സ്കൂൾ കോഡ് | : | 36203. |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര. |
| ബി. ആർ. സി | : | മാവേലിക്കര. |
| ഗ്രാമപഞ്ചായത്ത് | : | ചെട്ടികുളങ്ങര. |
| ബ്ലോക്ക് പഞ്ചായത്ത് | : | മാവേലിക്കര. |
| താലൂക്ക് | : | മാവേലിക്കര. |
| ലോകസഭാ മണ്ഡലം | : | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : | കായംകുളം. |
| വാർഡ് | : | 15 |
| ഇ- മെയിൽ വിലാസം | : | 36203alappuzha@gmail.com. |
| സ്കൂൾ വിക്കി | : | glpskannamangalam. |

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള ശേഷി നേടുക.
- രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ
- അമ്മമാർ കുട്ടിക്കഥകൾ പറയുന്നു.
- അടിസ്ഥാന ഭാഷാശേഷി വികസനം.
- ലഘുപതിപ്പുകൾ തയ്യാറാക്കൽ
- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ
- ക്ലാസ് ലൈബ്രറി ഒരുക്കൽ
- പുസ്തകപരിചയം
- വായനക്കുറിപ്പ്.
- ഭക്ഷ്യമേള .
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കൽ
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കൽ.
- ഇംഗ്ലീഷ് സ്വതന്ത്ര വായനയ്ക്കുള്ള അവസരം.
- രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്ക് എതിരെ മുൻകരുതലുകൾ
- ജൈവവൈവിധ്യ കലവറയാക്കി വിദ്യാലയത്തെ മാറ്റുക.
- മാലിന്യമുക്ത വിദ്യാലയം, ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, വേസ്റ്റ് മാനേജ്മെന്റ് മാലിന്യനിർമാർജ്ജനം എന്നിവ നടപ്പാക്കൽ

# അക്കാദമിക ഭൗതികനേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപക സമൂഹം.
- മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം
- കലാപഠനം, പ്രവൃത്തി പരിചയ പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം
- പഠനത്തിൽ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക ചിന്തുണ പ്രവർത്തനങ്ങൾ
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല
- ലൈബ്രറി സൗകര്യങ്ങൾ ഉണ്ടെങ്കിലും കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാനുള്ള അവസരങ്ങളില്ല.
- കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ പഠനസൗകര്യം ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള കമ്പ്യൂട്ടർ സൗകര്യങ്ങളില്ല. കെ-ഫോൺ കണക്ഷൻ ഇതുവരെ ആയിട്ടില്ല.

# ലക്ഷ്യങ്ങൾ

## ഭാഷ

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുക.
- വിശ്വ വായനശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
- സ്വതന്ത്ര വായനക്ക് അവസരം.
- ഇംഗ്ലീഷ് ഡയറി എഴുത്ത് (ആഴ്ചയിൽ ഒരിക്കൽ)
- ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജമാക്കുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക.
- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.
- ശാസ്ത്രലോകത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക.
- ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കുക.

## ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ചിന്ത എന്നിവ വളർത്തുക.

## ഐസിടി

- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.
- അറിവ് നിർമാണ പ്രക്രിയയിൽ ഐസിടി പ്രയോജനപ്പെടുത്തുക.
- സ്വതന്ത്രമായും നിർഭയമായും കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കാൻ സാഹചര്യം ഒരുക്കുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത വളർത്തുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.
- ആരോഗ്യകായികവിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകുക.
- സ്കൂളും പരിസരവും മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവർത്തന പദ്ധതികൾ

മലയാളം.

## പ്രവർത്തനം 1 വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| കുട്ടികളെ മികച്ച വായനക്കാരാക്കുക. | പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു. | എല്ലാ മാസവും | പിടിഎ |
| ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ. | " | ക്ലാസ് ടീച്ചർ, PTA |
| എന്റെ വായനാക്കുറിപ്പുകൾ രചനോത്സവം | വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയാറാക്കൽ | " | " |
| റീഡേഴ്സ് തിയേറ്റർ. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം. | " | ". |

## പ്രവർത്തനം 2 ഇംഗ്ലീഷ്.

| | | | |
|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ഇംഗ്ലീഷ് അസംബ്ലി | എല്ലാ ആഴ്ചയും ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് ഡയറി (3,4 class) | " | " |
| | Reading card. | " | " |
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | | " . | |

## ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മൂല്യവൽ പഠനനേട്ടങ്ങളും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക. | ഗണിതമൂല സജ്ജീകരിക്കൽ | വർഷാവസാനം വരെ | ക്ലാസ് ടീച്ചർ |
| | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രവർത്തനപദ്ധതിയാറാക്കൽ | " | " |
| അടിസ്ഥാന ഗണിതാശയങ്ങൾ മൂല്യവൽ കുട്ടികൾക്കും ഉറപ്പിക്കുക. | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് list ചെയ്യുന്നു. | " | PTA |
| യൂണിറ്റ് ടെസ്റ്റ് | ഓരോ യൂണിറ്റിന്റെയും അവസാനം ടെസ്റ്റ് നടത്തി പഠനബോധനം ഉറപ്പാക്കുന്നു. | എല്ലാ മാസവും. | " |

## പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രത്തെ ചുവടുവെക്കുക. | ഫീൽഡ്ട്രിപ്പ് പ്രവൃത്തിനടത്താം | എല്ലാ വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ |
| ശാസ്ത്രാഭിരുചി വളർത്തുക. | ലഘുപരീക്ഷണങ്ങൾ നടത്തുക. | എല്ലാ മാസവും | PTA. |
| | ക്ലാസ് മുറികളിൽ ശാസ്ത്ര | " | PTA. |
| | പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നു. | " | |

| വിവരസാങ്കേതികവിദ്യ. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
| വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ | IT, ICT പ്രവർത്തനങ്ങൾ നടപ്പാക്കൽ | എല്ലാ മാസവും. | class Teachers PSITC. |
| ആരോഗ്യകായിക വിദ്യാഭ്യാസം. | | | |
| എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പു വരുത്തുക. | ഫിസിക്കൽ എക്സർസൈസ് ഗെയിംസ് എന്നിവ ചെയ്യിക്കുന്നു. | ജൂൺ - മാർച്ച്. | SRG. class teachers. |

## നിർവഹണ ചുമതല

- ദീപ U (ഹെഡ്മിസ്ട്രസ്) class 2
- വന്ദന S നായർ ( class teacher std 3)
- അഞ്ജന. ദ (class teacher std 4)
- സുഹാനി P.R (class teacher std 1)
- PTA & MPTA.